**വ്യക്തിപരമായ വിശദീകരണം**

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പരാമർശം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ശ്രീ. കെ. എം. ഷാജിയ്ക്ക് ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഈ അവസരം തന്നതിന് ഞാൻ അങ്ങയോട് നന്ദി പറയുകയാണ്. കഴിഞ്ഞ 31.10.2019-ന് ഈ സഭയിൽ അടിയന്തരപ്രമേയത്തിന് മറുപടി പറയുന്ന സമയത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ പേര് വിളിച്ച് നടത്തിയ ചില ആക്ഷേപങ്ങളുണ്ട്. അന്ന് അദ്ദേഹം പറഞ്ഞത് ഞാനൊരു തെരുവ് പ്രാസംഗകനാണെന്നാണ്. അതൊരു ആക്ഷേപമായിട്ടാണ് മന്ത്രി വിചാരിച്ചതെങ്കിലും അതൊരു അംഗീകാരമായിട്ട് ഞാൻ സ്വീകരിക്കുകയാണ്. മറ്റൊന്ന് പറഞ്ഞത്, കോളേജിൽ പഠിക്കാത്ത ഷാജി എന്നാണ്, 'കോളേജിൽ കയറാത്ത ഷാജി വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് ഒരക്ഷരം സംസാരിക്കാൻ അർഹതയില്ലാത്തവനാണെന്നാണ് പറഞ്ഞത്. ഈ സഭയിലെ 141 പേർക്ക് ഏതൊക്കെ വിഷയത്തിൽ എങ്ങനെയൊക്കെ ഇടപെടാം എന്നുള്ളതിനെക്കുറിച്ച് ദയവ് ചെയ്ത് അങ്ങയുടെ ഒരു സംരക്ഷണമോ

പ്രഖ്യാപനമോ ഉണ്ടാകണമെന്നുകൂടെ ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. മൂന്നാമത്, ഞാൻ കോളേജിൽ പഠിക്കാത്തവനാണ് എന്നാണ് അദ്ദേഹം പറഞ്ഞ ആക്ഷേപം. ഞാനും ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രീ-ഡിഗ്രിക്ക് പഠിച്ചത് ഒരേ കോളേജിൽ തന്നെയാണ്. അത് കോളേജല്ല എന്ന് മന്ത്രിക്ക് സംശയമുണ്ടെങ്കിൽ അദ്ദേഹം അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ച് നോക്കണം. ശ്രീനിവാസൻ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ അല്പനായ മോഹൻലാലിനോട് 'പ്രീ ഡിഗ്രിയും ഒരു ഡിഗ്രിയൊക്കെതന്നെയാണ് എന്ന് പറയുന്നുണ്ട്. ഞാൻ അതിവിടെ ഓർമിപ്പിക്കുകയാണ്. അതിനുശേഷം ബാംഗർ യൂണിവേഴ്സിറ്റിയിൽ ഞാൻ ബി.ബി.എ.-യ്ക്ക് ചേർന്നു അതിന്റെ രേഖകളൊക്കെ സ്വാഭാവികമായിട്ടും മത്സരിക്കുമ്പോൾ തരാറുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആക്ഷേപാർത്ഥത്തിൽ പറഞ്ഞിട്ടുള്ള വാക്കുകൾ സഭയുടെ രേഖയിൽനിന്ന് നീക്കം ചെയ്യരുത് എന്നാണെന്റെ അപേക്ഷ. എന്റെ ഈ വിശദീകരണം സഭാ രേഖകളിൽ ഉൾപ്പെടുത്തണമെന്നുകൂടി ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: മന്ത്രിയൊരു പ്രസംഗത്തിനിടയിൽ വൈകാരികമായി

പറഞ്ഞുപോയതായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. (....ബഹളം.....) ഞാൻ പറയട്ടെ. Let me speak. അദ്ദേഹം ഇവിടെയുണ്ട്. അദ്ദേഹം അദ്ദേഹത്തിന്റെ വിശദീകരണം നൽകും, അതിനുള്ള അവസരം കൊടുക്കും. പക്ഷെ ഒരു കാര്യം ചെയറിന്റെ ഭാഗത്തുനിന്നും പറയാൻ ഉദ്ദേശിക്കുന്നുണ്ട്. കോളേജിൽ പഠിച്ചിട്ടില്ലായെന്നത് ഒരു കുറവായി കാണുന്ന രീതി നിയമസഭാ സാമാജികർക്ക് ബാധകമല്ല. ആ നിലയിൽ ഒരു ആക്ഷേപമായി ഉന്നയിക്കുന്നതും ശരിയല്ല. ജൈവ മനുഷ്യരുടെ മൂല്യങ്ങളും ബോധവും അറിവും രൂപം കൊള്ളുന്നത് മണ്ണിൽനിന്നാണ്. അത് ഒരു കുറവായിട്ട് നമ്മൾ കാണേണ്ടതില്ല. അത് എന്ത് സാഹചര്യത്തിലാണെങ്കിലും അത് വേണ്ടായിരുന്നു. ഇനി ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളിൽ ഒരു വിശദീകരണത്തിന് ഞാൻ മുതിരുന്നില്ല. എന്റെ പരാമർശം അദ്ദേഹത്തിന് പ്രയാസമുണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു. അദ്ദേഹത്തിനുണ്ടായ മനഃപ്രയാസത്തിൽ ഖേദിക്കുകയും ചെയ്യുന്നു.